LIBRARY ARCHIVES Kerala Legislative Assembly

പി.എം.ജി.എസ്.വൈ.-2

37 (3239) ശ്രീ. ടി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എം.ജി.എസ്. വൈ.-2 പ്രകാരം സംസ്ഥാനത്തിന് 2013-ൽ കേന്ദ്രഗ്രാമവികസന മന്ത്രാലയം അനുവദിച്ച 570 കി. മീ. റോഡിന്റെ ഡീറ്റൈൽഡ് പ്രോജക്ട് റിപ്പോർട്ട് (ഡി.പി.ആർ.) കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിന് സമർപ്പിച്ചുവോ; ഇല്ലെങ്കിൽ ആയതിനുള്ള കാരണം വ്യക്തമാക്കുമോ;

(ബി) ഇല്ലെങ്കിൽ എന്നത്തേക്ക് സമർപ്പിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ;

(സി) മറ്റ് സംസ്ഥാനങ്ങൾ ഡി.പി.ആർ സമർപ്പിച്ച് പി.എം.ജി.എസ്.വൈ. -2 പ്രകാരം ഫണ്ട് വാങ്ങിയ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) ഇതുവരെയായി പി.എം.ജി.എസ്.വൈ.-2 പ്രകാരം സംസ്ഥാന സർക്കാരിന് എത്ര ഫണ്ട് ലഭിച്ചെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സമർപ്പിച്ചിട്ടില്ല. ഡി.പി.ആർ. തയ്യാറാക്കുന്ന നടപടികൾ പുരോഗമിച്ച് വരുന്നു. 2015 ഡിസംബർ 31-ന് മുമ്പ് ഡി.പി.ആർ. സമർപ്പിക്കണമെന്നാണ് കേന്ദ്രസർക്കാർ നിർദ്ദേശിച്ചിട്ടുള്ളത്.

(ബി) 2015 ഡിസംബർ മാസം 30-ന് മുമ്പ് ഡി.പി.ആർ. തയ്യാറാക്കി കേന്ദ്രസർക്കാരിന് സമർപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) ഫണ്ട് ഒന്നും ലഭിച്ചിട്ടില്ല.

മലയോര വികസന ഏജൻസിയുടെ പ്രവൃത്തികൾ

38 (3240) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2012-ൽ മലയോര വികസന ഏജൻസി രൂപീകരിച്ച ശേഷം ഓരോ സാമ്പത്തിക വർഷവും കോഴിക്കോട് ജില്ലയിൽ ഏറ്റെടുത്ത പ്രവൃത്തികളുടെ വിശദാംശങ്ങളും ഓരോ പ്രവൃത്തിക്കും വകയിരുത്തിയ തുക എത്രയാണെന്നും ഓരോ പ്രവൃത്തിയും ഏത് നിയോജക മണ്ഡലത്തിലാണ് ഉൾപ്പെട്ടതെന്നും വ്യക്തമാക്കുമോ;